**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 199** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യബന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. പി. മമ്മിക്കുട്ടി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ആഴക്കടൽ മത്സ്യബന്ധന മേഖലയിലെ വിഭവശോഷണം കണക്കിലെടുത്തും ഉൾനാടൻ മൽസ്യ മേഖലയിലെ തൊഴിൽ സാധ്യത കണക്കിലെടുത്തും ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | ആഴക്കടൽ മത്സ്യബന്ധന മേഖലയിലെ വിഭവശോഷണം കണക്കിലെടുത്തും ഉൾനാടൻ മത്സ്യമേഖലയിലെ തൊഴിൽ സാധ്യത കണക്കിലെടുത്തും ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യബന്ധനം പ്രോത്സാഹിപ്പിച്ച് ഉൾനാടൻ മത്സ്യോ ല്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതനുസരിച്ച് ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി 300 ലക്ഷം രൂപയുടെ 'ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് പ്രോഗ്രാം' (റാഞ്ചിംഗ് പദ്ധതി), റിസർവോയറുകളിൽ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്ന തിനായി കേരള റിസർവോയർ ഫിഷറീസ് ഡെവലപ്മെൻറ് പ്രോഗ്രാം (KRFDP) ന്റെ ഭാഗമായി 150 ലക്ഷം രൂപയുടെ റിസർവോയർ പദ്ധതി എന്നിവ നടപ്പിലാക്കുന്നു. |
| (ബി) | ജനപ്രിയ മത്സ്യങ്ങളുടെ കൃഷി വികസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ പൊതു-സ്വകാര്യ ജലാശയങ്ങളിലെല്ലാം മത്സ്യം വളർത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ജനപ്രിയ മത്സ്യ ഇനങ്ങൾ ഉൾപ്പെടെയുള്ളവയുടെ മത്സ്യകൃഷി വികസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ പൊതുസ്വകാര്യ ജലാശയങ്ങളിലെല്ലാം മത്സ്യം വളർത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഉൾനാടൻ മത്സ്യകൃഷി വികസനത്തിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയ്ക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതനുസരിച്ച് വിവിധ മത്സ്യകൃഷി രീതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷം 61.15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് |

| | | | |
|---|---|---|---|
| | | | ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കി പൂർത്തീകരിച്ച് വരുന്നു |
| (സി) | ഉൾനാടൻ മത്സ്യകൃഷിയിലെ പ്രധാന പ്രശ്നമായ ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ പദ്ധതിയുണ്ടോ; ഉല്പാദനത്തോടൊപ്പം ഉൾനാടൻ മത്സ്യവിപണി ഉറപ്പാക്കാനും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | ഉണ്ട്. കേരളത്തിൽ മത്സ്യകൃഷിയുടെ പ്രധാന പരിമിതി ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ അഭാവമാണ്. മത്സ്യവിത്തുകളുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ മത്സ്യവിത്തു ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ വികസനം എന്നിവയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ 2016-17 സാമ്പത്തിക വർഷം മുതൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി 50.4 കോടിയോളം രൂപയുടെയും ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി 37.54 കോടിയോളം രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫിഷറീസ് ഫാമുകൾ, ഹാച്ചറികൾ, അക്വേറിയങ്ങൾ എന്നിവയുടെ നടപ്പ സാമ്പത്തിക വർഷത്തെ മത്സ്യകുഞ്ഞുല്പാദന പ്രവത്തനങ്ങളോടനു ബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കായി 900 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മത്സ്യവിത്തിന്റെ ഗുണമേന്മയും ഉൽപാദനവും വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഹാച്ചറികളുടെ നവീകരണവും പുതിയവയുടെ നിർമ്മാണത്തിനും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും മത്സ്യരോഗ നിയന്ത്രണവും നിരോധിത ആൻറിബയോട്ടിക്കുകളുടെ ഉപയോഗം ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട പരിശോധന രീതികൾ അവലംബിക്കുന്നതിനുമായി സംസ്ഥാന ത്താദ്യമായി അക്വാട്ടിക് ആനിമൽ ഹെൽത്ത് സെൻററുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ഹാച്ചറികളുടെയും ഫാമുകളുടെയും രജിസ്ട്രേഷൻ നടത്തുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാന മത്സ്യവിത്തു കേന്ദ്രം കൊല്ലം ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ചു. ഉൾനാടൻ വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ നടപ്പ സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപയോക്താക്കൾക്ക് ലഭ്യമാകുന്നതിന് മത്സ്യഫെഡ് മുഖേന ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത 47 ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. സർവ്വീസ് സഹകരണ ബാങ്ക് / സംഘവുമായി ചേർന്നുള്ള മത്സ്യ വിപണന പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | കേരളത്തിലെ 140 നിയോജകമണ്ഡലത്തിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജക മണ്ഡലത്തിലായി 53 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ